# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6678

04.04.2018-ൽ മറുപടിക്ക്

**ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച എട്ടാം ക്ലാസ്സുകൾ**

**ചോദ്യം**

**ശ്രീ.എ.പി. അനിൽകുമാർ**

**ഉത്തരം**

**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ അധ്യായന വർഷം ആരംഭിച്ച എട്ടാം ക്ലാസ്സുകൾ നിർത്തണമെന്ന് ആവശ്യപ്പെട്ട് സർക്കാർ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ തുടർ പഠനത്തിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ) & (ബി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം എൽ.പി. വിഭാഗത്തിനോടൊപ്പം 5-ാം ക്ലാസ്സും, യു.പി വിഭാഗത്തിനോടൊപ്പം 8-ാം ക്ലാസ്സും ആരംഭിക്കുന്നതിനായി ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട ഒരു കൂട്ടം ഹർജികളിന്മേൽ അപ്രകാരം ക്ലാസ്സുകൾ ആരംഭിക്കുന്നതിന് ബഹു. കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ പുതിയ നയം സ്വീകരിക്കാത്ത സാഹചര്യത്തിൽ മേൽ നടപടി അംഗീകരിച്ച് ഉത്തരവിറക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് സർക്കാരിന്റെ ഭാഗം കോടതിയിൽ വ്യക്തമാക്കി സത്യവാങ്മൂലം സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത കേസുകളിന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിൽ 2017-18 അധ്യയന വർഷത്തേക്കു മാത്രമാണ് ഇപ്രകാരം ക്ലാസ്സുകൾ നടത്തുന്നതിന് ഉത്തരവായതെന്ന് വ്യക്തമാക്കുകയുണ്ടായി. അന്തിമ വിധി വന്ന സാഹചര്യത്തിൽ ഇടക്കാല ഉത്തരവിന്റെ ബലത്തിൽ 2017-18 അധ്യയന വർഷത്തിൽ 5-ാം ക്ലാസ്സും 8-ാം ക്ലാസ്സും ആരംഭിച്ച സ്കൂളുകൾ 2018-19 അധ്യയന വർഷം മുതൽ ടി ക്ലാസ്സുകൾ നടത്തുന്നില്ലായെന്നും, കുട്ടികൾക്ക് മറ്റ് സ്കൂളുകളിൽ പ്രവേശനം നേടുന്നതിന് റ്റി.സി. നൽകുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. ആയതിൻപ്രകാരം എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ